**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**തിരുവനന്തപുരം**

**(ഹാജർ: ഡോ.പി.കെ.ജയശ്രീ. ഐ.എ.എസ്)**

വിഷയം : കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് -ജീവനക്കാര്യം- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയുടെ 10 % ഒഴിവുകളിലേക്ക് ലാസ്റ്റ് ഗ്രേഡ്/ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സർക്കാർ ഉത്തരവ് (പി) നമ്പർ. 1/2014/ ഉ ഭ പ വ തീയതി: 03/01/2014.
2. സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ ഉ.ഭ.പ.വ തീയതി: 19/07/2017.
3. സർക്കാർ ഉത്തരവ് (പി) നമ്പർ 16/2015/ ഉ ഭ പ.വ തീയതി: 28/05/2015.
4. ഈ കാര്യാലയത്തിലെ 01/09/2015 ലെ എസ്.എച്ച് (1) 12376/2014 നമ്പർ ഉത്തരവ്.
5. ഈ കാര്യാലയത്തിലെ 10/01/2019 ലെ എസ്.എച്ച് (1) 12376/2014 നമ്പർ ഉത്തരവ്.
6. എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 04/02/2019 ലെ ഇ (3) 6929/18 നമ്പർ കത്ത്.
7. മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 01/02/2019 എ ഇ (1) 54/2019 നമ്പർ കത്ത്.
8. ശ്രീ. ബാബു ജോസഫ് സീനിയർ മെക്കാനിക്കിന്റെ 08/02/2019 ലെ സമർപ്പണം.
9. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 16/02/2019 ലെ ഇ (2) 2843/2014 നമ്പർ കത്ത്.

**ഉത്തരവ് നം. എസ്.എ(1) 50672/2017 തീയതി:22/02/2019**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും എൻട്രി കേഡറിലെ സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ അതാത് വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1,2,3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിനായി കേഡർ സ്ട്രെംഗ്ത് 8 ആയി നിജപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരുടേയും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടേയും സംസ്ഥാനതല മുൻഗണനാപട്ടിക പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.

ടി മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ജീവനക്കാർ പരാമർശം 6 മുതൽ

9 വരെ പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് താത്പര്യമില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | അജയകുമാർ.സി | മെക്കാനിക്ക് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ |
| 2 | കെ.ജെ.ഡേവിഡ് | മെക്കാനിക്ക് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കാക്കനാട് |
| 3 | എം.പി.വൽസൻ | മെക്കാനിക്ക് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, എറണാകുളം |
| 4 | തോമസ് റെയ്ൻ | മെക്കാനിക്ക് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മലമ്പുഴ |
| 5 | ബാബു ജോസഫ് | മെക്കാനിക്ക് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തൃശ്ശൂർ |
| 6 | കെ.വി.ജൂഡ് | മെക്കാനിക്ക് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കാക്കനാട് |
| 7 | ശിവൻ.വി.പി | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം |
| 8 | കേശവൻ.സി | ട്രാക്ടർ ഡ്രൈവർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മലമ്പുഴ |

മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ച സമയത്ത് ഉദ്യോഗക്കയറ്റത്തിന് താത്പര്യമില്ല എന്നറിയിച്ചിരുന്ന ചുവടെ പേർ ചേർത്തിരിക്കുന്ന ജീവനക്കാർ ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കണമെന്ന് പരാമർശം (9) പ്രകാരം അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1 | എ.പ്രസാദ് | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് |
| 2 | രാജേഷ്.കെ | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് |
| 3 | സജീവൻ.പി.എൻ | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തോടന്നൂർ |

മേൽ വിവരിച്ച സാഹചര്യത്തിൽ അർഹരായ ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ 19000-43600 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | നിയമനം നൽകുന്ന ജീവനക്കാരന്റെ പേര് | അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | നിലവിൽ വഹിക്കുന്ന തസ്തിക | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|---|---|
| 1 | ആർ.പരമേശ്വരൻ നായർ | 4 | ലാബ് അസിസ്റ്റന്റ് ഗ്രേഡ് I | [illegible] പാറോട്ടുകോണം | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 2 | അനില ആന്റണി | 12 | ഇലക്ട്രീഷ്യൻ | കൃഷിഅസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കൊല്ലം | സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ, പാറോട്ടുകോണം |

| | | | | | |
|---|---|---|---|---|---|
| 3 | സുധാകരൻ.കെ | 16 | ബ്ലാക്ക് സ്മിത്ത് | ആർ.റ്റി.റ്റി.സി വെള്ളയാണി, തിരുവനന്തപുരം | സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ, പാറോട്ടുകോണം |
| 4 | രാജേന്ദ്രൻ.എം | 20 | സ്റ്റോർ ഇൻ ചാർജ്ജ് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തൃശ്ശൂർ | ആർ.റ്റി.റ്റി.സി വെള്ളയാണി, തിരുവനന്തപുരം |
| 5 | ചിത്രാംഗതൻ.ആർ | 28 | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 6 | എ.പ്രസാദ് | 35 | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് | ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം |
| 7 | സജീവൻ.പി.എൻ | 36 | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തോടന്നൂർ, കോഴിക്കോട് | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |
| 8 | രാജേഷ്.കെ | 40 | മെക്കാനിക്ക് | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം |

ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മേൽപ്പറഞ്ഞ ജീവനക്കാർ ബന്ധപ്പെട്ട ഓഫീസർ മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ഏതെങ്കിലും ജീവനക്കാരൻ യഥാസമയം ജോലിക്ക് ഹാജരാകാത്തപക്ഷം ടിയാളുടെ നിയമനം റദ്ദാക്കുകയും മുൻഗണനാ ക്രമത്തിൽ അടുത്ത റാങ്കിലുള്ള ജീവനക്കാരന് നിയമന ഉത്തരവ് നൽകുന്നതുമായിരിക്കും. തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥൻ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നത് മുതൽ തുടർച്ചയായ 3 വർഷത്തിൽ 2 വർഷക്കാലം പ്രൊബേഷനിലായിരിക്കും. ബന്ധപ്പെട്ട

മേലധികാരികൾ ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

പകർപ്പ്,

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും കൃഷിഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള കാര്യാലയങ്ങൾക്കും
2) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ.റ്റി. സെൽ) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3) കരുതൽ ഫയൽ/അധികം.

എസ്.എം.വി

Joint Superintendent
SA Section
Directorate of Agriculture
Thiruvananthapuram